# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2209 13.06.2019-ൽ മറുപടിക്ക്

## നീലേശ്വരം രാജകൊട്ടാരം സംരക്ഷിക്കാനുള്ള നടപടി

**ചോദ്യം**

ശ്രീ. എം.രാജഗോപാലൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പ് മുഖേന സംരക്ഷിക്കാൻ തീരുമാനിച്ച സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ; | (എ) | അനന്തപുരം ക്ഷേത്രം, അരിക്കാടിക്കോട്ട, പുതിയകോട്ട, ചന്ദ്രഗിരിക്കോട്ട, ബന്തടുക്കക്കോട്ട, പൗവ്വൽ കോട്ട, പീലിക്കോട് ഗുഹ, ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം തുടങ്ങിയ എട്ട് നിർമ്മിതികളാണ് കാസർഗോഡ് ജില്ലയിൽ നിലവിൽ പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) | നീലേശ്വരം രാജകൊട്ടാരം സംരക്ഷിക്കാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ബി) | നീലേശ്വരം രാജവംശത്തിന് കീഴിലുള്ള തെക്കേ കോവിലകം വലിയമഠത്തിൽ പുരാവസ്തു വകുപ്പിന്റെ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കോവിലകം പുരാവസ്തുവകുപ്പിന് വിലയ്ക്ക് നൽകാൻ തയ്യാറാണെന്ന് കോവിലകത്തിന്റെ അവകാശികൾ ഒരു അനൗപചാരിക സമ്മതക്കുറിപ്പും സമർപ്പിച്ചിരുന്നു. ടി കോവിലകം വിലനൽകി ഏറ്റെടുക്കുന്നതിന് നിലേശ്വരം തെക്കേ കോവിലകം സ്ഥിതിചെയ്യുന്ന റീ സർവ്വേ 57/1, 57/10 സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലത്തിന് ആറൊന്നിന് 4,05,786/- രൂപാ നിരക്കിൽ 53.03 ആറിന് ഭൂമി വില 2,15,18,831/- രൂപ (രണ്ട് കോടി പതിനഞ്ച് ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റി മുപ്പത്തി ഒന്ന് രൂപാ മാത്രം) വില നിശ്ചയിച്ച് കാസർഗോഡ് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.<br><br>കോവലികത്തിന്റെ പുരാവസ്തു പ്രാധാന്യം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**